കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വേങ്ങാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് –2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/2108/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി: 08.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

വേങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേങ്ങാട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2-6 , ഭാഗം 3-ലെ 3-8, 3-10 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ ജില്ല (ഇ-മെയിൽ മുഖേന)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/2108/2018 തീയ്യതി: 08.02.2019

## കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

### ആമുഖം

വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. വേങ്ങാട് ഗ്രാമ പഞ്ചായത്ത് 20-7-2017 മുതൽ 9-12-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട

നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്ത്വവുമുണ്ടായിരിക്കുന്നതല്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ്നടത്തുവാൻചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് / ഉദ്യോഗപ്പേര് | ശ്രീ. ശശികുമാർ എം.പി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-12-2018മുതൽ20-12-2018വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ .വിജോഷ് പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി ഉഷ എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീമതി.അന്ന എബ്രഹാം | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി- അനിത-സി-പി | 01-04-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ നാരായണൻ കെ | 01-04-2017 മുതൽ 16-9-2017 FN വരെ |
| | ശ്രീ പ്രീജിത്ത് എൻ | 16-9-2017AN മുതൽ 31-3-2018വരെ |

2- മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1. | കൃഷി ഓഫീസർ | ശ്രീ.സെലസ് കെ ജോസഫ് | 1-4-2017 മുതൽ 2-5-2017വരെ |
| | | ഒഴിവ് | 3-5-2017മുതൽ 7-5-17വരെ |

| | | | |
|---|---|---|---|
| | | ശ്രീമതി ലീന എം കെ | 8-5-2017 മുതൽ 7-11-2017വരെ |
| | | ശ്രീമതി ശരണ്യ പി | 8-11-2017മുതൽ 31-3-2018വരെ |
| 2. | വി ഇ ഒ (പാതിരിയാട്) | ശ്രീമതി പ്രീജയ സി കെ | 1-4-2017 മുതൽ 5-10-2017വരെ |
| | | ശ്രീ റനിൽ പി പി | 6-10-2017 മുതൽ 31-3-2018വരെ |
| 3. | വി ഇ ഒ (പടുവിലായി) | ശ്രീ ധനേഷ് പുതുക്കുടി | 1-4-2017മുതൽ 31-10-2017 വരെ |
| | | ശ്രീമതി ശ്രീജ ബാട്ടി | 1-11-2017 മുതൽ 31-3-2018 വരെ |
| 4. | വെറ്റിനറി സർജൻ | ഡോ. പ്രീതം ലാൽ എൻ ടി | 01-04-2017 മുതൽ 31-03-2018വരെ |
| 5. | മെഡിക്കൽഓഫീസർ ആയുർവേദം | ഡോ. മംഗള ലക്ഷ്മണൻ | 01-04-2017 മുതൽ 31-03-2018വരെ |
| 6. | മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ. ആനന്ദവല്ലി | 01-04-2017 മുതൽ 31-03-2018വരെ |
| 7. | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ കെ രാമകൃഷ്ണൻ | 01-04-2017മുതൽ 01-08-2017 FN വരെ |
| | | ശ്രീമതി എ പാത്തുമ്മ | 01-08-2017 ANമുതൽ 13-12-2017വരെ |

| | | | |
|---|---|---|---|
| | | ശ്രീ എം വിനോദൻ (ഹെഡ് ക്ലാർക്ക് -അധികചുമതല) | 14-12-2017 മുതൽ 22-1-2018വരെ |
| | | ശ്രീ സുജിത്ത് കെ ആർ | 23-1-2018 മുതൽ 31-3-2018വരെ |
| 8. | അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി ലളിത വി എ | 01-04-2017 മുതൽ 1-8--2017FNവരെ |
| | | ശ്രീ ഉല്ലാസൻ സി പി (അധിക ചുമതല) | 1-8-2017AN മുതൽ 6-12-2017വരെ |
| | | ശ്രീ പ്രണാം എ ടി | 7-12-2017 മുതൽ 25-12-2017വരെ |
| | | ശ്രീ മോഹനൻ ടി കെ | 26-12-2017മുതൽ 24-1-2018വരെ |
| | | ശ്രീ മന്ദ മോഹനൻ ഐ കെ | 25-1-2018മുതൽ 31-3-2018വരെ |
| 9. | ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ലീന കെ ജി | 01-04-2017 മുതൽ 31-3-2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ | 1-12 |
| ഭാഗം-II വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | ക്രമവൽകരണ രജിസ്റ്റർ സൂക്ഷിച്ചില്ല | 2-1 |
| 14 | തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല. | 2-2 |
| 15 | ലൈസൻസ് എടുക്കാതെയോ/പുതുക്കാതെയോ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 2-3 |
| 16 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കള്ളുഷാപ്പുകൾ ഡി & ഓ ലൈസൻസ് എടുക്കുന്നില്ല. | 2-4 |
| 17 | ഫാം ലൈസൻസ് -പുതുക്കിയില്ല. | 2-5 |
| 18 | വാടക-ബൈലോ തയ്യാറാക്കിയിട്ടില്ല. | 2-6 |
| 19 | ഇ-ടെണ്ടർ തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമാക്കേണ്ടതാണ്. | 2-7 |
| | ഭാഗം-IIIചെലവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 20 | ഡയസ് നോൺ, അർദ്ധവേതനാവധി കാലയളവുകൾ പരിഗണിക്കാതെ ശമ്പളക്കുടിശ്ശിക നൽകി | 3-1 |
| 21 | വാഹന ഇൻഷ്വറൻസ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-2 |
| 22 | ശമ്പളവർദ്ധനവിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. | 3-3 |
| 23 | തെരുവുവിളക്ക് സ്ഥാപിക്കൽ - പ്രോജക്ടിന്റെ പൂർത്തീകരണം ഉറപ്പാക്കിയിട്ടില്ല | 3-4 |
| 24 | കിടാരി വിതരണം - സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകി | 3-5 |
| 25 | അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ അപാകങ്ങൾ | 3-6 |
| 26 | സമഗ്ര കലാകായിക സാംസ്കാരിക പരിപോഷണം - അപാകങ്ങൾ:- 5480 രൂപ നിരാകരിക്കുന്നു. | 3-7 |
| 27 | സ്നേഹസാന്ത്വനം പെയിൻ &പാലിയേറ്റീവ് പരിചരണം-മരുന്ന് ലഭ്യമാക്കേണ്ടത് | 3-8 |

| | | |
|---|---|---|
| 28 | ഇരുചക്രവാഹനം വാങ്ങുന്നതിന് ധനസഹായം-സബ്സിഡിയിനത്തിൽ അധികം നൽകിയ ₹58,410 നിരാകരിക്കുന്നു. | 3-9 |
| 29 | പുതിയ തുറന്ന കിണർ നിർമ്മാണം - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 3-10 |
| 30 | ബഡ്സ് സ്കൂൾ പ്രവർത്തനം-അവലോകനം | 3-11 |
| 31 | ആശ്രയ പദ്ധതി പ്രവർത്തനം | 3-12 |
| 32 | അഗതിരഹിതകേരളം പദ്ധതി - നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 3-13 |
| 33 | കാലി ബാരൽ വിലയുടെ ജി.എസ്.ടി. ഒടുക്കേണ്ടത് | 3-14 |
| | ഭാഗം-IV ഓഡിറ്റ് പ്രത്യവലോകനം | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 41 | ചാർജ് /സർചാർജ് നടപടി വഴി ഈടാക്കിയ തുക | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 43 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 45 | റസീറ്റ് & പേയ്മെന്റ് | അനുബന്ധം-2-1 |
| 46 | ഇൻകം & എക്സ്പെൻഡിച്ചർ | അനുബന്ധം-2-2 |
| 47 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

23.03.2017തീയതിയിലെ 21 /17തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല

| | |
|---|---|
| മുന്നിരിപ്പ് | 4,82,04,984 |
| വരവ് | 8,20,10,000 |

| | |
|---|---|
| ആകെ | 13,02,14,984 |
| ചെലവ് | 8,54,51,750 |
| നീക്കിയിരിപ്പ് | 4,47,63,234 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31/7/2018 | 14-5-2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 26-6-2018 & 27-6-2018 | KSA/KNR/C7/1289/2018 തീയതി 27-7-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,72,81,909.48 |
| വരവ് | 6,94,10,924 |
| ആകെ | 9,66,92,833.48 |
| ചെലവ് | 6,70,82,138 |
| നീക്കിയിരിപ്പ് | 2,96,10,695.48 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 17032000 | 17032000.00 | 16507552 | 524448.00 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| വികസനഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 1237244 | 1237244.00 | 1158739 | 78505.00 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 8256000 | 8256000.00 | 2760815 | 5495185.00 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 4277000 | 4277000.00 | 2541365 | 1735635.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 12612808 | 12612808.00 | 8374486 | 4238322.00 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | | 2225513 | 2225513.00 | 2225513 | 0 |
| സാക്ഷരത | | 96555.00 | 0 | 96555.00 | 0 | 96555.00 |
| ദുരിതാശ്വാസനിധി | | 38661.00 | 59650 | 98311.00 | 0 | 98311.00 |
| എം ജി എൻ ആർ ഇ ജി എസ് | തൊഴിലാളികളുടെ കൂലി | | 8227109 | 8227109.00 | 8227109 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1131.18 | 509816-66 (പലിശ ഉൾപ്പെടെ) | 510947.84 | 509283 | 1664.84 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| സമ്പൂർണ്ണ ശുചിത്വം | | 439341.00 | 26,313 | 465654.00 | 150355 | 315299.00 |

| | | | | | | |
|---|---|---|---|---|---|---|
| ഐ സി ഡി എസ് | | 895520.00 | 1367370 | 2262890.00 | 872921 | 1389969.00 |
| എം പി ഫണ്ട് | | 14245.00 | 0 | 14245.00 | 0 | 14245.00 |
| പൈക്ക | | 10781.00 | 0 | 10781.00 | 0 | 10781.00 |
| ബി ഫണ്ട് | | | 64699460.00 | 64699460.00 | 64699460.00 | |
| സംസ്ഥാന സർക്കാർ ഗ്രാന്റ് | | 7,28,798.00 | 1149039 | 1877837.00 | 1229902 | 647935.00 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 121810.00 | 12,43,000 | 1364810.00 | 1127999 | 236811.00 |
| | ജില്ലാ പഞ്ചായത്ത് | 109022.00 | 43,75,000 | 44,84,022.00 | 7,75,000 | 37,09,022.00 |
| ജനറൽ പർപ്പസ് ഗ്രാന്റ് * | | | 13019000 | | | |
| തനത് ഫണ്ട് | ബാങ്ക് ** അക്കൗണ്ട് | 14814218.00 | 1,24,06,994 | 2,72,21,212.00 | 9260873 | 17960339.00 |
| | ട്രഷറി *** അക്കൗണ്ട് | 10792082.00 | 13019000 | 2,38,11,082.00 | 1,52,71,318 | 8539764.00 |
| ഗുണഭോക്തൃ വിഹിതം | | 156314.00 | 3,84,560 | 540874.00 | 429624 | 111250.00 |

* ജനറൽ പർപ്പസ് ഗ്രാന്റിന് മാത്രമായി വരവ് ചെലവ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ , ഈ ഇനത്തിന്റെ മുന്നിരിപ്പ് , ചെലവ് ,നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല

**&***വാർഷീക ധനകാര്യ പത്രികയിലെ മുന്നിരിപ്പും, നീക്കിയിരിപ്പും ആണ് ഉൾപ്പെടുത്തിയത്. തനത് ഫണ്ടിൽ ബാങ്ക് അക്കൗണ്ടിലെ വരവായെടുത്തിരിക്കുന്നത് റസീറ്റ് & പെയ്മെന്റ് പത്രികയിലെ തനത് വരവും, ട്രഷറി അക്കൗണ്ടിലെ വരവായെടുത്തിരിക്കുന്നത് ജനറൽ പർപ്പസ് ഗ്രാന്റിലെ വരവുമാണ്.

എം ജി എൻ ആർ ഇ ജി എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവിലെ മുന്നിരിപ്പിലും ,നീക്കിയിരിപ്പിലുമുള്ള വ്യത്യാസം സാംഖ്യയിൽ റൗണ്ടിംഗ് ഇല്ലാത്തതിനാലാണ്.

വികസന ഫണ്ട്-ജനറൽ വരവ് AFS പ്രകാരവും ACR പ്രകാരവും വ്യത്യാസമുള്ളത് പരിഹരിക്കേണ്ടതാണ്.

ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് രജിസ്റ്റർ പ്രകാരവും എ.എഫ്.എസ്. പ്രകാരമുള്ള വ്യത്യാസം പരിഗണിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 9,04,67,671 | 139 | 5,09,78,707 | 19 | 57 | 61 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 8505503 | 20 | 4766565 | 16 | 80 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-പട്ടുവിലായി | 4251300 | 13 | 2429519 | 12 | 92 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-പാതിരിയാട് | 3772250 | 5 | 2706250 | 5 | 100 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 52092789 | 117 | 24196211 | 69 | 59 |
| കൃഷി ഓഫീസർ | 5512295 | 9 | 3792110 | 8 | 89 |
| വെറ്ററിനറി സർജ്ജൻ | 4089500 | 8 | 2205666 | 8 | 100 |
| മെഡിക്കൽ ഓഫീസർ -പി എച്ച് സി | 1212100 | 3 | 720901 | 2 | 67 |
| മെഡിക്കൽ ഓഫീസർ-ആയുർവേദ | 950000 | 2 | 945345 | 2 | 100 |
| ഐസി ഡി എസ് | 7490934 | 9 | 7482401 | 9 | 100 |

| | | | | | |
|---|---|---|---|---|---|
| സൂപ്പർവൈസർ | | | | | |
| അസിസ്റ്റന്റ് സെക്രട്ടറി | 2591000 | 10 | 1733739 | 8 | 80 |

പദ്ധതി ആസൂത്രണവും നിർവഹണവും - അവലോകനം

ജി.ഒ.(എം.എസ്) നം. 72/2017 ത.സ്വ.ഭ.വ. തീ.29.03.2017 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 2 -ൽ, 2017-18 വർഷത്തെ വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം ഒൻപതു ഘട്ടങ്ങളായാണ് പദ്ധതിയുടെ ആസൂത്രണവും നിർവഹണവും പൂർത്തീകരിക്കേണ്ടത്. ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ, വികസനരേഖ തയ്യാറാക്കൽ, ഗ്രാമസഭ യോഗം ചേരൽ, വികസന സെമിനാർ, വാർഷികപദ്ധതിക്ക് അന്തിമരൂപം നൽകൽ, പ്രോജക്ടുകൾ തയ്യാറാക്കൽ, വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി അംഗീകാരം, പ്രോജക്ടുകളുടെ പരിശോധനയും സാങ്കേതികാനുമതിയും, പദ്ധതി നിർവഹണവും മോണിറ്ററിംഗും എന്നിവയാണ് ഈ ഘട്ടങ്ങൾ. വിവിധ ഘട്ടങ്ങളിലെ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളുടെ ലഘു അവലോകനം ചുവടെ കൊടുക്കുന്നു.

(എ) വർക്കിംഗ് ഗ്രൂപ്പുകൾ

2017-18 വർഷം 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ചില വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് അപൂർണമാണ്. ഉദാഹരണത്തിന് ചെറുകിട വ്യവസായം എന്ന വിഷയമേഖലയിൽ 01.04.2017, 26.04.2017, 06.05.2017 എന്നീ തീയ്യതികളിൽ നടന്ന യോഗങ്ങളുടെ മിനിട്സ് രേഖപ്പെടുത്തിയിട്ടില്ല. മിക്ക വർക്കിംഗ് ഗ്രൂപ്പുകളിലും ധാരാളം പദ്ധതി നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ടെങ്കിലും ഭൂരിഭാഗം നിർദ്ദേശങ്ങളും അന്തിമ പദ്ധതിരേഖയുടെ ഭാഗമാക്കാൻ സാധിച്ചിട്ടില്ല.

(ബി) വികസന സെമിനാർ

06.05.2017 – ന് സംഘടിപ്പിച്ച വികസന സെമിനാറിൽ കരട് പദ്ധതിരേഖ അംഗീകരിച്ചു. വാർഡ് അടിസ്ഥാനത്തിലല്ലാതെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ഒറ്റ യൂണിറ്റായി വിഭാവനം ചെയ്തുകൊണ്ടുള്ള വികസന തന്ത്രമാണ് സ്വീകരിക്കേണ്ടത്. എന്നാൽ ഇതിന് വിരുദ്ധമായി ചില പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്. ഉദാഹരണത്തിന് എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിക്കൽ എന്ന പ്രോജക്ട്, ഓരോ വാർഡിലും 25 എണ്ണം വിളക്കുകൾ വീതം സ്ഥാപിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്.

(സി) പദ്ധതി നിർവഹണവും മോണിറ്ററിംഗും

2017-18 വർഷം 196 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭ്യമാക്കിയത്. ഇതിൽ 120 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കാനായത്. പ്രോജക്ടുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമല്ല. പദ്ധതി മാർഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല (ജി.ഒ.(എം.എസ്.) നം.72/2017 ത.സ്വ.ഭ.വ./ 29.03.2017 ഖ:14.6 കാണുക).

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

(എ) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ തുടങ്ങിയവയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ. തൻവർഷം 16 യോഗങ്ങൾ ചേർന്നിട്ടുണ്ട്. പുതിയ റവന്യൂ വരവുകൾ സംബന്ധിച്ച ശുപാർശകളൊന്നും തന്നെ ഉണ്ടായിട്ടില്ല. പ്രതിമാസം കണക്കുകൾ പരിശോധിക്കുകയും അതത് സമയം ഭരണസമിതിക്ക് ആവശ്യമായ ശുപാർശകൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി

2017-18 വർഷം 14 തവണ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ 25.07.2017, 07.08.2017 എന്നീ തീയ്യതികളിലെ യോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ (പങ്കെടുത്തവർ, അജണ്ട, തീരുമാനങ്ങൾ തുടങ്ങിയവ) രേഖപ്പെടുത്തിയിട്ടില്ല. മറ്റു യോഗങ്ങളിൽ പ്രോജക്ടുകൾ സംബന്ധിച്ചും ആരോഗ്യം, മാലിന്യസംസ്കരണം തുടങ്ങിയ മേഖലകളിലും വിശദമായ ചർച്ചകൾ നടത്തുകയും ശ്രദ്ധേയമായ ശുപാർശകളും തീരുമാനങ്ങളും ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

(സി) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പട്ടികജാതി - പട്ടിക വർഗ്ഗവികസനം, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം, സാമൂഹ്യ സുരക്ഷാപ്രവർത്തനം, ദാരിദ്ര്യ നിർമ്മാർജ്ജനം തുടങ്ങിയവയാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന പ്രധാന വിഷയങ്ങൾ. ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസി.സെക്രട്ടറി എന്നിവരാണ് നിർവഹണോദ്യോഗസ്ഥർ. പ്രോജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങളും മറ്റും യഥാസമയം നൽകുകയും ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

വികസന ആസൂത്രണം, സാമൂഹികവും സാമ്പത്തികവുമായ ആസൂത്രണം, കൃഷി, മണ്ണുസംരക്ഷണം, സാമൂഹ്യവനവൽക്കരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിടജലസേചനം, മത്സ്യബന്ധനം, ചെറുകിടവ്യവസായം, പൊതുമരാമത്ത്, പാർപ്പിടസൗകര്യം, കെട്ടിടനിർമ്മാണ നിയന്ത്രണം, വൈദ്യുതി എന്നിവയാണ് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ. 2017-18 വർഷം 117 മരാമത്ത് പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിരുന്നുവെങ്കിലും 69 എണ്ണം മാത്രമാണ് (59%) പൂർത്തീകരിക്കാനായത് എന്നത് പോരായ്മയാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1131.18 | 509816.66 (പലിശ ഉൾപ്പെടെ) | 510947.84 | 509283 | 1664.84 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 8227109 | 8227109 | 8227109 | |
| | 1131.18 | 8736925.66 | 8738056.84 | 8736392 | 1664.84 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 35,160 | 61 |
| കർഷകതൊഴിലാളി പെൻഷൻ | 88,23,700 | 784 |

| | | |
|---|---|---|
| വിധവാപെൻഷൻ | 1,61,34,000 | 1352 |
| വാർദ്ധക്യകാലപെൻഷൻ | 3,01,56,300 | 2392 |
| വികലാംഗപെൻഷൻ | 56,97,200 | 471 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 34,03,100 | 287 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-12-2018 12-30 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,049 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പൊതു ചുമതലകളുടെ നടത്തിപ്പിനൊപ്പം പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ചിട്ടയായും കാര്യക്ഷമമായും നിർവ്വഹിക്കേണ്ടത് തദ്ദേശ സ്വയംഭരണസ്ഥാപന ഓഫീസിന്റെ ചുമതലയാണ്. ഓഫീസിലെ മുഴുവൻ ജീവനക്കാർക്കും ഇതിന്റെ ഉത്തരവാദിത്വമുണ്ട്.

2017-18 – ൽ ആകെ 11 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. 7-6-2017 ,18-8-2017, 20-9-2017 എന്നീ ദിവസങ്ങളിലെ സ്റ്റാഫ് മീറ്റിംഗ് ഹാജർ, അജണ്ട എന്നിവ അപൂർണ്ണമാണ്. 2/2018 ലെ മീറ്റിംഗ് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷയിൽ നികുതി പിരിവ് പുരോഗതി, പദ്ധതി പ്രവർത്തന പുരോഗതി, ജീവനക്കാരുടെ പ്രവർത്തനം എന്നിവ അവലോകനം ചെയ്തിട്ടുണ്ട്. ഓഫീസ് ഓർഡർ ബുക്കിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇൻകംബെൻസി മാസ്റ്റർ രജിസ്റ്ററിൽ എല്ലാ കോളങ്ങളും കൃത്യമായി രേഖപ്പെടുത്തി തയ്യാറാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസ് ഡയറി 2017-18 വർഷം എഴുതിയിട്ടില്ല

സ്ഥാപനത്തിൽ ബിൽഡിംഗ് പെർമിറ്റ് റഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ജീവനക്കാർ തൻപതിവേട് രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും തപാലുകളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. സ്വീകരിച്ച ഫയലുകളുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തൻപതിവേട് രജിസ്റ്റർ പ്രതിമാസ സംക്ഷിപ്തം, റണ്ണിംഗ് നോട്ട് എന്നിവ എഴുതി മേലുദ്യോഗസ്ഥന് സമർപ്പിക്കുകയോ മേലുദ്യോഗസ്ഥൻ പരിശോധിക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ എത്ര ഫയൽ ലഭിച്ചെന്നോ എത്ര ഫയൽ തീർപ്പാക്കിയെന്നോ നിർണയിക്കാൻ കഴിയില്ല. റണ്ണിംഗ് നോട്ട് സൂക്ഷിക്കുന്നില്ല.

വാർഷിക കണക്കിലെ വികസനഫണ്ട് (ജനറൽ) വരവ്, ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് നീക്കിയിരിപ്പ് എന്നിവ രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടാത്തത് ശരിയായ രീതിയിൽ അക്കൗണ്ട് കൈകാര്യം ചെയ്യാത്തതിലെ വീഴ്ചയാണ്.

രജിസ്റ്ററുകളും രേഖകളും ശരിയായി എഴുതിസൂക്ഷിക്കുകയും മേലുദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ടച്ചുമതലകൾ നിർവ്വഹിക്കുകയും ചെയ്താലേ ഗ്രാമപഞ്ചായത്തിന്റെ സുതാര്യവും സുഗമവുമായ പ്രവർത്തനം സാദ്ധ്യമാകുകയുള്ളൂ.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9-11-2018 | 1-8-2018 മുതൽ 31-10-2018 വരെ | 9-11-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15-11-2018 | 2013-14 മുതൽ 2017-18 വരെ | ലഭിച്ചിട്ടില്ല |

## 1-12 വാർഷിക കണക്കിലെ അപാകങ്ങൾ.

1.വാർഷിക ധനകാര്യപത്രികയോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല

2.തൊഴിൽനികുതി 2016-17 ൽ അഡ്വാൻസ് കളക്ഷൻ ആയി ലഭിച്ച 33,770/- രൂപ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല

3.B-4 ഷെഡ്യൂൾ പ്രകാരമുള്ള ഫണ്ടുകൾക്ക് പ്രത്യേകം ACR സൂക്ഷിച്ചിട്ടില്ല.

4.വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. 'സഞ്ചയ' പ്രകാരം ലഭ്യമാക്കിയ വസ്തുനികുതി കുടിശ്ശിക ഡിമാന്റ്, തൻവർഷഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകകൾ AFS ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6.വികസന ഫണ്ട് (ജനറൽ ) ACR പ്രകാരമുള്ള വരവ് 1,65,07,552 ഉം AFSപ്രകാരം 1,70,18,542 ഉം ആണ്.

7.ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

8.അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

9.മൂന്ന് മാസത്തിലധികമായി കാലാവധി കഴിഞ്ഞ ചെക്കുകളുടെ തുക Liabilities in Respect of Stale Cheques എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

10.ബ്ലോക്ക് , ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ക്രമവൽകരണ രജിസ്റ്റർ സൂക്ഷിച്ചില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ച് കൊടുക്കുമ്പോൾ, ആയത് അനുബന്ധം-J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിക്കാതെ പെർമിറ്റ് രജിസ്റ്ററിൽ തന്നെ ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. ക്രമവൽകരണ ഫീസ് ഇനത്തിൽ ₹ 2,14,395 ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്ററർ

സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായില്ല. കെട്ടിട നിർമാണ പെർമിറ്റ് നൽകുന്നതും, ക്രമവൽകരണവും സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ കൃത്യതയോട് കൂടി സൂക്ഷിക്കേണ്ടതും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന വിഭാഗങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1. <u>കരാറുകാർ</u>

2017-18 സാമ്പത്തിക വർഷത്തെ പബ്ലിക്ക് വർക്ക് എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കോൺട്രാക്ടർമാർ ഗ്രാമപഞ്ചായത്തിന്റെ കരാർ പ്രവർത്തികൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. ഇവരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | പേര് | ജോലി |
|---|---|---|
| 1 | പി.വിനോദൻ | പി.ഡബ്യു.ഡി. കോൺട്രാക്ടർ |
| 2 | എൻ.ബാബു | പി.ഡബ്യു.ഡി. കോൺട്രാക്ടർ |
| 3 | രാഘവൻ കെ.വി. | കോൺട്രാക്ടർ |
| 4 | എം.കെ. പ്രകാശൻ | പി.ഡബ്യു.ഡി. കോൺട്രാക്ടർ |
| 5 | എം.കെ.ഷൈജു | പി.ഡബ്യു.ഡി. കോൺട്രാക്ടർ |
| 6 | രത്നാകരൻ | പി.ഡബ്യു.ഡി. കോൺട്രാക്ടർ |
| 7 | രമേശൻ ടി. | പി.ഡബ്യു.ഡി. കോൺട്രാക്ടർ |
| 8 | പവിത്രൻ പി. | പി.ഡബ്യു.ഡി. കോൺട്രാക്ടർ |
| 9 | മനോഹരൻ കെ. | പി.ഡബ്യു.ഡി. കോൺട്രാക്ടർ |
| 10 | പുരുഷോത്തമൻ പി.പി. | പി.ഡബ്യു.ഡി. കോൺട്രാക്ടർ |
| 11 | വിനീപ് എം. | പി.ഡബ്യു.ഡി. കോൺട്രാക്ടർ |

2. <u>അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ/എഞ്ചിനീയേഴ്സ്</u>

ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യത്തിനുവേണ്ടി ഹാജരാക്കിയിരിക്കുന്ന ബിൽഡിംഗ് പ്ലാനുകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ/എഞ്ചിനീയർമാർ ജോലി ചെയ്യുന്നുണ്ടെന്ന് കണ്ടു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ/എഞ്ചിനീയർമാരിൽ നിന്ന് തൊഴിൽ നികുതി ചട്ടങ്ങൾ പാലിച്ചുകൊണ്ട്, വരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്. ആയതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.12/15.12.18) ബിൽഡിംഗ് സൂപ്പർവൈസർമാർ/ എഞ്ചിനീയർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിവരുന്നുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാരുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിച്ച് എല്ലാവരിൽ നിന്നും കൃത്യമായി തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-3 <u>ലൈസൻസ് എടുക്കാതെയോ/പുതുക്കാതെയോ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.</u>

സഞ്ചയ സോഫ്റ്റ് വെയറിലെ ബിൽഡിംഗ് ഡീറ്റെയിൽസ് പ്രകാരം പഞ്ചായത്തു പരിധിയിൽ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയം നടത്തിയ 2819 കെട്ടിടങ്ങളുണ്ട്. എന്നാൽ ഡി & ഓ

ലൈസൻസിനുള്ള അപേക്ഷകൾ 654 എണ്ണം മാത്രമാണ്. വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ എണ്ണത്തിലും വാണിജ്യാവശ്യത്തിനായുള്ള ഡി & ഓ ലൈസൻസ് അപേക്ഷകളുടെ എണ്ണത്തിലുമുള്ള ഈ പ്രകടമായ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/17.12.18) 2017-18 സാമ്പത്തിക വർഷം വരെ വാണിജ്യാവശ്യത്തിനുള്ള ഉപയോഗക്രമത്തിന് നമ്പർ അനുവദിച്ച എല്ലാ സ്ഥാപനങ്ങളിലും കച്ചവടം നടക്കുന്നില്ല എന്നും ഒരു അപേക്ഷയിൽ തന്നെ ഒന്നിൽക്കൂടുതൽ മുറികളിൽ കച്ചവടം നടത്തുന്നവയുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ ലൈസൻസ് എടുക്കാതെയോ/പുതുക്കാതെയോ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് വരും വർഷങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്.

## 2-4 ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കള്ളുഷാപ്പുകൾ ഡി & ഓ ലൈസൻസ് എടുക്കുന്നില്ല.

1996 ലെ കേരളാ പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുൾപ്പെട്ട യാതൊരു സ്ഥലവും 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും അതിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കാൻ പാടില്ല. 1-ാം പട്ടിക പ്രകാരം അബ്കാരി ഷാപ്പുകൾ(ക്രമ നം.139) ഡി & ഓ ലൈസൻസ് എടുക്കേണ്ടതാണ്.

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 8 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | വാളാങ്കിച്ചാൽ കള്ള് ഷാപ്പ് |
| 2 | മമ്പറം കള്ള് ഷാപ്പ് |
| 3 | മൈലാടി കള്ള് ഷാപ്പ് |
| 4 | ഓടക്കാട്കള്ള് ഷാപ്പ് |
| 5 | പാച്ചപ്പൊയ്ക കള്ള് ഷാപ്പ് |
| 6 | ചാമ്പാട് കള്ള് ഷാപ്പ് |
| 7 | ശങ്കരനെല്ലൂർ കള്ള് ഷാപ്പ് |
| 8 | വേങ്ങാട് കള്ള് ഷാപ്പ് |

ആയവ ഡി & ഓ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചവരുന്നത്. അതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക്(നം. 21/17.02.18) ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇവയുടെ ലൈസൻസ് ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 ഫാം ലൈസൻസ് -പുതുക്കിയില്ല.

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ) ചട്ടങ്ങൾ ചട്ടം 3 ഉപചട്ടം 2 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ യാതൊരാളും ഉപചട്ടം 1-ൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്ന ഒരു ലൈവ്സ്റ്റോക്ക്ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകുവാനോ പാടില്ല. ചട്ടം 7, ഉപചട്ടം 5 പ്രകാരം ഫാം ലൈസൻസ് എല്ലാ സാമ്പത്തിക വർഷവും പുതുക്കേണ്ടതാണ്.

എന്നാൽ 16-ാം വാർഡിലെ 370/372 കെട്ടിട നമ്പറിൽ പ്രവർത്തിക്കുന്ന ശ്രീ.കാക്കോത്ത് രമേശന്റെ ഉടമസ്ഥതയിലുള്ള നയന പൗൾട്രി ഫാം (900 കോഴി) 2016-17 സാമ്പത്തിക വർഷത്തിൽ ഫാം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും 2017-18 സാമ്പത്തിക വർഷം പുതുക്കിയതായി കാണുന്നില്ല. ഫാം ലൈസൻസ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 വാടക-ബൈലോ തയ്യാറാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 256 വകുപ്പ് പ്രകാരം പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാറിന്റെ അംഗീകാരത്തോടുകൂടി ബൈലാകൾ ഉണ്ടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ഗവൺമെന്റ് അംഗീകരിച്ച ബൈലോ നിലവിൽ ഇല്ല. ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

## 2-7 ഇ-ടെണ്ടർ തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമാക്കേണ്ടതാണ്.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മരാമത്ത് പ്രവൃത്തികൾക്ക് ഇ.ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത്. കണ്ണൂർ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായിട്ടുണ്ടോ എന്നതിന് വ്യക്തത വരുത്താൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, 1/4/15 മുതൽ 3/10/18 വരെ ₹3,57,771 ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിക്കാനുണ്ടെന്നും ആയത് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത് . ഇ-ടെണ്ടർ തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഡയസ് നോൺ, അർദ്ധവേതനാവധി കാലയളവുകൾ പരിഗണിക്കാതെ ശമ്പളക്കുടിശ്ശിക നൽകി

2016 – ലെ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി 2017-18 കാലയളവിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് രണ്ടു ഗഡു ശമ്പളക്കുടിശ്ശിക (വൗ.നം.21700393/ 31.07.2017 പ്രകാരം 2,28,222/-, വൗ.നം.21700775/13.12.2017 പ്രകാരം 1,83,503/-) നൽകിയിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ ഡയസ് നോൺ, അർദ്ധ വേതനാവധി എന്നീ കാലയളവുകൾ പരിഗണിക്കാതെയാണ് ശമ്പളക്കുടിശ്ശിക കണക്കാക്കി നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | തസ്തിക | ഡയസ് നോൺ | അർദ്ധ വേതനാവധി |
|---|---|---|---|---|
| 1 | വിനോദൻ എം. | അക്കൗണ്ടന്റ് | 02.09.2015, 12.01.2016 | |
| 2 | പ്രശാന്ത് കെ.ബി | സീനിയർ ക്ലർക്ക് | ,, | 28.01.2016 മുതൽ 31.01.2016 വരെ |
| 3 | നിശാന്ത് എം.കെ | ,, | ,, | |
| 4 | ഉമേശൻ കെ | ക്ലർക്ക് | ,, | |
| 5 | സിജിൻ കെ.സി | ,, | ,, | |
| 6 | ഷെൽന ഇ | ,, | ,, | |
| 7 | മധു സി | ഒ.എ | ,, | |
| 8 | വിലാസിനി എം.പി | പി.ടി.എൽ | ,, | |
| 9 | രാഗിണി പി.വി | പി.ടി.എസ് | ,, | |
| 10 | ലത ഇ | ,, | ,, | |
| 11 | ധനീഷ് പി.എം | സെക്രട്ടറി | ,, | |
| 12 | ഹരീന്ദ്രൻ കെ.കെ | അസി. സെക്രട്ടറി | ,, | |
| 13 | അമൃതകുമാരി വി.സി | ഹെഡ് ക്ലർക്ക് | 02.09.2015 | |
| 14 | കവിത സി.എം | സീനിയർ ക്ലർക്ക് | 12.01.2016 | |

മേൽ ജീവനക്കാർക്ക് അധികം നൽകിയ തുക നിർണ്ണയിച്ച് ആയത് ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-2 വാഹന ഇൻഷ്വറൻസ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല

വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള KL-58 B 8114 നമ്പർ ബൊലേറോ വാഹനത്തിന്റെ ഇൻഷ്വറൻസ് പോളിസി എടുത്തിരിക്കുന്നത് ന്യൂ ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നാണ്. സർക്കാർ സ്ഥാപനങ്ങളുടെ എല്ലാ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന

നടത്തണമെന്ന് ധനകാര്യ വകുപ്പിന്റെ18.04.2000 ലെ 819/2000 നം.ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവിനു വിരുദ്ധമായി ന്യൂ ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ഇൻഷ്വറൻസ് പോളിസി എടുത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭാവിയിൽ ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന പുതുക്കേണ്ടതാണ്.

## 3-3 ശമ്പളവർദ്ധനവിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല.

2016–ലെ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിൽ ഉണ്ടായ വർദ്ധനവിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. ആയത് ഒടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 തെരുവുവിളക്ക് സ്ഥാപിക്കൽ - പ്രോജക്ടിന്റെ പൂർത്തീകരണം ഉറപ്പാക്കിയിട്ടില്ല

പ്രോജക്ടിന്റെ പേര് : 39/18 തെരുവുവിളക്ക് സ്ഥാപിക്കൽ

ചെലവ് : 9,39,752/- (തനത് ഫണ്ട്)

വൗ. നം. : 21701208/28.03.2018

നിർവഹണോദ്യോഗസ്ഥൻ : സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം 525 എൽ.ഇ.ഡി ലൈറ്റുകൾ സപ്ലൈ ചെയ്തതിന് ശ്രീ.ശ്രീലേഷ് സി, എലൈറ്റ് ഇലക്ട്രിക്കൽസ്, ചക്കരക്കൽ എന്നയാൾക്ക് 9,39,752/- രൂപ നൽകിയിട്ടുണ്ട്. ആകെയുള്ള 21 വാർഡുകളിലും 25 എണ്ണം വീതം ലൈറ്റുകൾ സ്ഥാപിക്കാനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തത്. എന്നാൽ ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. മുഴുവൻ ലൈറ്റുകളും സ്ഥാപിച്ചതായി ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. 17 വാർഡുകളിൽ വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന വാർഡുകളിലെ വിവരങ്ങൾ കൂടി ലഭ്യമാക്കേണ്ടതാണ്.

## 3-5 കിടാരി വിതരണം - സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകി

പ്രോജക്ടിന്റെ പേര് : 110/18 കിടാരി വിതരണം

ചെലവ് : 1,76,000/- (വികസനഫണ്ട്)

ബിൽ നം. തുക : 1,12,000/- 02/17-18/18.01.2018

32,000/- 05/17-18/07.03.2018

16,000/- 11/17-18/26.03.2018

16,000/- 17/17-18/26.03.2018

മേൽ പ്രോജക്ട് പ്രകാരം രണ്ടുവീതം കിടാരികൾ വാങ്ങിയതിന് ഗുണഭോക്താക്കൾക്ക് നൽകിയ സബ്സ്ഡി തുകയായ 8,000/- രൂപ അവരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ജി.ഒ.(എം.എസ്)80/2017 ത.സ്വ.ഭ.വ തീ 03.04.2017 ഖ:8.2 പ്രകാരം, കിടാരികളെ നൽകുന്ന ആളുടെ അക്കൗണ്ടിലേക്കാണ് തുക കൈമാറേണ്ടത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഗുണഭോക്താക്കൾ ബാങ്ക് ലോൺ വഴിയാണ് കിടാരികളെ വാങ്ങിയതെന്നും അതിനാലാണ് അവരുടെ അക്കൗണ്ടിലേക്ക് നേരിട്ട് തുക കൈമാറിയതെന്നും വെറ്റിനറി സർജ്ജൻ അറിയിച്ചു. അപാകം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-6 അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ അപാകങ്ങൾ

മരാമത്ത് പ്രവൃത്തികൾ സമയബന്ധിതിമായി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നില്ല.

1) പ്രോജക്ട് നം.-178/18 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നവീകരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - ₹ 7,00,000 (തനത് ഫണ്ട് )

ചെലവ് --₹ 594457 (തനത് ഫണ്ട് )

ടി.എസ്.നം.-AEE/LSGD/TLY/341/15-16/21.1.16.

എഗ്രിമെന്റ് നം.-AE/LSGD/VGP/51/15-16,3/3/16.

എം.ബുക്ക് നം.54/15-16.

ചെക്ക് നം. -2695020,31/8/17-₹594457

കരാറുകാരന്റെ പേര്-കെ.മനോഹരൻ.

2) പ്രോജക്ട് നം.-180/18 കീഴത്തൂർ വായനശാല അംഗനവാടി ചുറ്റമതിൽ നിർമ്മാണം

നിർവ്വഹണം ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - ₹ 9845 (ധനകാര്യ കമ്മിഷൻ ഗ്രാന്റ് ).

₹245843 (തനത് ഫണ്ട് )

ആകെ അടങ്കൽ -₹ 255688

ടി.എസ്.നം.- AEE/LSGD/TLY/345/15-16/21.1.16.

എഗ്രിമെന്റ് നം.-AE/LSGD/VGP/51/15-16,3/3/16.

എം.ബുക്ക് നം.51/15-16.

ബിൽ നം.2/17-18,30/06/17 ₹9845 .

ചെക്ക് നം.-723963/ 11/4/16-₹ 2269434

കരാറുകാരന്റെ പേര്-കെ.മനോഹരൻ.

ക്രമ.നം.(1) ൽ 20/02/16 ലെ ഇ-ടെണ്ടറിന്റെ അടിസ്ഥാനത്തിൽ 03/03/16 ന് കരാറിലേർപ്പെട്ട പ്രസ്തുത പ്രവൃത്തിയുടെ കരാർ വ്യവസ്ഥ പ്രകാരം 90 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ് എന്നാൽ പ്രവൃത്തി 29/03/17-നാണ് പൂർത്തിയായത്. ഉടമ്പടി വെച്ച ദിവസംതന്നെ കരാറുകാരൻ സ്ഥലം ഏറ്റുവാങ്ങിയിട്ടുണ്ട്.

ക്രമ.നം.(2) ൽ പ്രവൃത്തി തുടങ്ങിയത് 3/3/16നും പണി പൂർത്തിയായത് 30/3/17നുമാണ്. ടി പ്രവൃത്തിയുടെ എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തിയ്യതി കരാർ ഉടമ്പടിയിൽ രേഖപ്പെടുത്തിയിട്ടില്ല .

മേൽ പറഞ്ഞ രണ്ട് പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കുന്നതിന് കരാറുകാരൻ കൂടുതൽ സമയം ആവശ്യപ്പെടുകയോ പ്രവൃത്തിയുടെ കാലാവധി നീട്ടിക്കൊടുക്കുകയോ ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല . എന്നാൽ ഫൈനൽ ബില്ലിൽ നിന്നും കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 ജി.ഒ(പി)13/2012/പി ഡബ്ല്യു ഡി 1-2.12 ഖ-2112-ൽ നിർദ്ദേശിച്ച വിധത്തിലുള്ള പിഴ ഈടാക്കിയിട്ടില്ല . പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 26/20.12.18 ) സമയബന്ധിതമായി പൂർത്തീകരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയെന്നും പ്രവൃത്തികളുടെ ബാഹുല്യം കാരണമാണ് പിഴ ഈടാക്കാൻ വിട്ടുപോയതെന്നും പ്രവൃത്തികളിൽ നിന്നും നിർബന്ധമായും പിഴ ഈടാക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. രണ്ട് പ്രവൃത്തികളുടെയും പൂർത്തീകരണ തീയതി പരിശോധിച്ച് നിയമാനുസൃത പിഴ ഈടാക്കി ഒടുക്കേണ്ടതാണ്. എഗ്രിമെന്റുകളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ട തിയതി കൃത്യമായി രേഖപ്പെടുത്തേണ്ടതാണ് . ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ പ്രവൃത്തിയുടെ കരാർ കാലയളവ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധനയിൽ കണ്ട പൊതുവായ അപാകങ്ങൾ

1)ടെണ്ടർ നടപടിക്രമങ്ങൾ പ്രകാരം ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുന്നില്ല. എന്നാൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാർ ഉടമ്പടി ചമക്കുകയും പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തതായി കാണുന്നുണ്ട്

2)പ്രവൃത്തിയുടെ പൂർത്തീകരണ സമയം രേഖപ്പെടുത്തുന്നില്ല.

പ്രവൃത്തികൾക്കായി ചമക്കുന്ന കരാർ ഉടമ്പടിയിൽ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2005 പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട കാലയളവ് രേഖപ്പെടുത്തുന്നില്ല. ആയതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പ്രവൃത്തി പൂർത്തിയാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. പ്രവൃത്തികളുടെ കരാറിൽ നിർബന്ധമായും പൂർത്തീകരണ കാലയളവ് രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 സമഗ്ര കലാകായിക സാംസ്കാരിക പരിപോഷണം - അപാകങ്ങൾ:- 5480 രൂപ നിരാകരിക്കുന്നു.

പ്രോജക്റ്റിന്റെ പേര് : 144/18 സമഗ്ര കലാ കായിക സാംസ്കാരിക പരിപോഷണം
അടങ്കൽ – 1,50,000/- (തനത് ഫണ്ട്)

ചെലവ് : 1,50,000/- തനത് ഫണ്ട്

വൗ. നം. : 21701212/28.03.2018

നിർവഹണോദ്യോഗസ്ഥൻ : സെക്രട്ടറി

വേങ്ങാട് ഗ്രാമപഞ്ചായത്തിലെ കുട്ടികൾക്ക് ഹോക്കി, വോളിബോൾ, ഫുട്ബോൾ, കരാട്ടെ എന്നീ ഇനങ്ങളിൽ പരിശീലനം നൽകുന്നതിനായാണ് ഈ പ്രോജക്ട് തയ്യാറാക്കിയത്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 1,44,520/- രൂപയാണ് ചെലവ്. എന്നാൽ 1,50,000/- രൂപ പിൻവലിച്ചിട്ടുണ്ട്. കൂടാതെ പരിശീലകർക്കുള്ള പ്രതിഫലം നേരിട്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിനു പകരം ചെക്ക് നൽകുകയാണ് ചെയ്തിരിക്കുന്നത്. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. അധികം പിൻവലിച്ച 5480 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-8 സ്നേഹസാന്ത്വനം പെയിൻ &പാലിയേറ്റീവ് പരിചരണം-മരുന്നുകൾ സമയബന്ധിതമായി ലഭിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)
പ്രോജക്ട് നമ്പർ : 121/18

പേര് : സ്നേഹസാന്ത്വനം-പെയിൻ &പാലിയേറ്റീവ് പരിചരണം

അടങ്കൽ :9,50,000 (വികസന ഫണ്ട്)

:1,00,000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം

:1,00,000(ജില്ല പഞ്ചായത്ത് വിഹിതം

-----------------

11,50,000

-----------------

ചെലവ് : 6,83,801 (വികസന ഫണ്ട്)

മേൽ പ്രോജക്ട് പ്രകാരം മരുന്ന്,പെയിൻ &പാലിയേറ്റീവ് നഴ്സിന് ഓണറേറിയം, കമ്മ്യൂണിക്കേഷൻ അലവൻസ്, വാഹന വാടക മുതലായവയ്ക്കായി 6,83,801 ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 2,47,000 മുൻകൂറായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് -തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ₹1,02,806 മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ₹ 1,44,194 മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുണ്ട്.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ബിൽ നമ്പർ, തീയ്യതി തുക | നൽകിയ തുക | ലഭിച്ചത് | ബാക്കി |
|---|---|---|---|
| 3/25-10-2017 -1,75,110 | 57,141 | 20,954 | 36,187 |
| | 62,836 | 53,977 | 8859 |
| | 10,357 | 2952 | 7405 |
| | 4,828 | 1129 | 3699 |
| 4/25-11-2017-25,700 | 9,114 | ലഭിച്ചിട്ടില്ല | 9114 |
| 7/29-1-2018-1,14,599 | 2970 | ലഭിച്ചിട്ടില്ല | 2970 |

| | | | |
|---|---|---|---|
| | 52,268 | 13,196 | 39,072 |
| | 16,296 | 892 | 15,404 |
| 8/19-3-2018 | 8536 | 8536 | 0 |
| 9/24-3-2018-68,993 | 22,654 | 1170 | 21,484 |
| ആകെ | 2,47,000 | 1,02,806 | 1,44,194 |

1,02,806രൂപയുടെ മരുന്ന മാത്രമേ നാളിതുവരെയായി ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി 144,194/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. പെയിൽ പാലിയേറ്റീവ് രോഗികളുടെ അടിയന്തിര സാഹചര്യം പരിഗണിച്ച് ഭാവിയിൽ ഇത്തരം പദ്ധതികളിൽ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഇരുചക്രവാഹനം വാങ്ങുന്നതിന് ധനസഹായം- സബ്സിഡിയിനത്തിൽ അധികം നൽകിയ ₹58,410 നിരാകരിക്കുന്നു.

പ്രോജക്ട് നം-- 148 /17- 18. (ഇരുചക്രവാഹനം വാങ്ങുന്നതിന് ധനസഹായം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി.

അടങ്കൽ ---₹ 90000വികസന ഫണ്ട് (എസ്.സി.പി)

----₹90000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ആകെ --- ₹ 180000

ബിൽ നം -- 6 / 2017-18 / 24.03.18. ₹ 75,000

ചെക്ക് നം -. 894346, 30/03/18 ₹75,000

ചെലവ് --- ₹ 150000

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ 5 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ഇരുചക്ര വാഹനത്തിന് ധനസഹായം നൽകുന്നതിനു വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തത്. മേൽ കാണിച്ച പ്രകാരം മാറിയ 150000 രൂപ 5 ഗുണഭോക്താക്കൾക്ക് ₹30000 വീതം ബാക്ക് എൻഡ് സബ്സിഡിയായി വാഹന വായ്പ അനുവദിച്ച മമ്പറം സിൻഡിക്കേറ്റ് ബാങ്കിന്റെ പേരിൽ അനുവദിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(എം.എസ്.)നം.80/2017/2017/തസ്വഭവ,തീയതി.3.04.17) ൽ മോട്ടോർ സൈക്കിൾ/സ്കൂട്ടർ വിലയുടെ 33 1/3% സബ്സിഡിയോ,പരമാവധി 30,000 വരെ അനുവദിക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന 5 ഗുണഭോക്താക്കൾക്ക് പരമാവധി തുക 30000 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ.നം | ഗുണഭോക്താക്കളുടെ പേര് | വാഹനം വാങ്ങിയ സ്ഥാപനത്തിന്റെ പേര്/ ഇൻവോയ്സ്. നം | വാഹന വില | അനുവദിച്ച സബ്സിഡി | അനുവദനീയമായത് (വിലയുടെ 331/3%) | അധികം നൽകിയ സബ് സിഡി തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ലിനി .എം.പി, ഹംസധ്വനി വേങ്ങാട്. | കണ്ണൂർ ഓട്ടോമോട്ടീവ് കമ്പനി /No.6617 /19/2/18 | ₹ 54955 | 30000 | 18318 | 11682 |
| 2 | വിബിത്ത് സി.വി ബിവിഷ്ണ നിവാസ് മമ്പറം | കണ്ണൂർ ഓട്ടോമോട്ടീവ് കമ്പനി /No.6649 /19/2/18 | ₹ 54955 | 30000 | 18318 | 11682 |
| 3 | ദീപ .കെ.സി. ദീപാലയം, കൈതേരിപ്പൊയിൽ | കണ്ണൂർ ഓട്ടോമോട്ടീവ് കമ്പനി /No.6828 /28/2/18 | ₹ 54955 | 30000 | 18318 | 11682 |
| 4 | വിനോദ്.കെ.സി. തത്ത്വമസി,പട്ടുവിലായി. | കണ്ണൂർ ഓട്ടോമോട്ടീവ് കമ്പനി /No.6653/20 /2/18 | ₹ 54955 | 30000 | 18318 | 11682 |
| 5 | സുബിന.ടി.പി. ചാലിൽ വീട് പാതിരിയാട്. | കണ്ണൂർ ഓട്ടോമോട്ടീവ് കമ്പനി /No.6661 /20/2/18 | ₹ 54955 | 30000 | 18318 | 11682 |
| | ആകെ | | | | | 58410 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.3/12.12.18 ) ലഭിച്ച മറുപടി തൃപ്തികരമല്ല. അധികം നൽകിയ 58,410 രൂപയുടെ ചെലവ് നിരാകരിക്കുന്നു. അധികം നൽകിയ സബ്സിഡി തുക തിരികെ

ഈടാക്കേണ്ടതാണ്.

## 3-10 പുതിയ തുറന്ന കിണർ നിർമ്മാണം - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ :വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നമ്പർ : 213 /18

പ്രോജക്ടിന്റെ പേര് : പുതിയ തുറന്ന കിണർ (സ്പിൽ ഓവർ)

വകയിരുത്തിയ തുക : ₹1,87,000 തനത് ഫണ്ട്

ആകെ : ₹1,87,000

ചെലവ് തുക : ₹ 34,000 ചെക്ക് നമ്പർ / തീയ്യതി : 700353339, 3/08/17

ആകെ : ₹34,000

മേൽ പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾക്ക് തുറന്ന കിണർ നിർമ്മാണത്തിനായി 17000 രൂപ വീതം 34000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് )നം 80/2017 ത സ്വ ഭ വ തീയതി3/4/2017ഖണ്ഡിക 8-5 (1) പ്രകാരം കിണറിന്റെ എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കി എൽ എസ് ജി ഡി എഞ്ചിനിയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണമെന്നും മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം ഹാജരാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ എൽ എസ് ജി ഡി എഞ്ചിനിയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.16/15.12.18) മറുപടിയിൽ ഭാവിയിൽ ശ്രദ്ധിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ പദ്ധതി നിർവ്വഹണം മാർഗ്ഗരേഖയിൽ പരാമർശിക്കും വിധം തന്നെ നിർവ്വഹിക്കേണ്ടതാണ്.

## 3-11 ബഡ്സ് സ്കൂൾ പ്രവർത്തനം-അവലോകനം

വേങ്ങാട് ഗ്രാമ പഞ്ചായത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തനത്തിനായി തൻവർഷം 9,50,000/-രൂപ ഓണറേറിയം, ഇന്ധനചെലവ്, ഡ്രൈവറുടെ വേതനം എന്നിവയ്ക്കായും, 37,100/-രൂപ ചില ഫിസിയോ തെറാപ്പി ഉപകരണങ്ങൾ വാങ്ങുവാനുമായി ആകെ 9,87,100/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

ബഡ്സ് സ്കൂളിൽ ശാരീരിക മാനസിക വൈകല്യമുള്ള 26 കുട്ടികൾ പഠിക്കുന്നുണ്ട്.

ഓട്ടിസം ബാധിച്ച കുട്ടികൾ - 2

സെറിബ്രൽ പാൾസി - 4

മാനസിക വെല്ലുവിളി നേരിടുന്നവർ - 20

ഈ സ്കൂളിൽ 2 അധ്യാപികമാർ, 1 ആയ എന്നിവർ ഉണ്ട്. അധ്യാപിക-വിദ്യാർത്ഥി അനുപാതമായ 1: 8 കണക്കാക്കുമ്പോൾ ആവശ്യമായ അധ്യാപകരുടെ എണ്ണത്തിൽ കുറവുണ്ട് തൻവർഷം ഒരു ദിവസം പോലും ഫിസിയോ തെറാപ്പിസ്റ്റിന്റെയോ ഡോക്ടറുടെയോ സേവനം ലഭ്യമായിട്ടില്ല.

ബഡ്സ് സ്കൂളിന്റെ പ്രവർത്തനങ്ങളുടെ നിലവിലെ മാർഗ്ഗരേഖകൾക്കൊപ്പം പൊതുവായി ബാധകമാവുന്ന ചില നിബന്ധനകൾ കൂടി ഉൾപ്പെടുത്തി പുതിയ ഉത്തരവ് സർക്കാർ 2017-18 ൽ പുറപ്പെടുവിച്ചിട്ടുണ്ട് (ഉത്തരവ് എം എസ് നം - 20/2018 തസ്വഭവ തീയതി 7-2-2018). ഒരു കേന്ദ്രം ആരംഭിക്കുമ്പോൾ അവയിൽ അടിസ്ഥാന സൗകര്യങ്ങളായ ഓഡിയോളജി മുറി, ക്ലാസ്സ് മുറികൾ, ഫിസിയോ തെറാപ്പി മുറി, ശുചി മുറി, ഒക്കുപ്പേഷണൽ തെറാപ്പി&കൗൺസിലിംഗ് മുറി, വൊക്കേഷണൽ പരിശീലന മുറി, വിനോദ മുറി, സ്ഥലം,

സെറിബ്രൽ പാൾസി ഉള്ള കുട്ടികൾക്കായി പ്രത്യേക പഠനമുറി, തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം ക്ലാസ്സ് മുറി, ശുചി മുറി എന്നിവ ഉണ്ടെങ്കിലും റാംപ്, റയിൽ മറ്റ് ഭൗതിക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

ബഡ്സ് സ്കൂളിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും, പ്രവർത്തനങ്ങൾ കാര്യക്ഷമമാണെന്ന് വിലയിരുത്തുന്നതിനും കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ/ചുമതലയുള്ള അസി ജില്ലാ മിഷൻ കോ ഓർഡിനേറ്റർ ഓരോ രണ്ട് മാസത്തിലൊരിക്കലെങ്കിലും സ്ഥാപനം സന്ദർശിക്കേണ്ടതും റിപ്പോർട്ട് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇക്കാലയളവിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ സ്ഥാപനം സന്ദർശിച്ചിട്ടില്ല. ബ്ലോക്ക് കോ ഓർഡിനേറ്റർ സ്ഥാപനം സന്ദർശിച്ചിട്ടുണ്ട്.

തനത് ഫണ്ട് കുറവുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ബഡ്സ് സ്കൂൾ നടത്തിപ്പിനുള്ള തുക ജില്ലാ, ബ്ലോക്ക്, എംപി, എം എൽ എ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണെന്നും പ്രത്യേക അധ്യാപകരെ ആവശ്യമുണ്ടെങ്കിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ തയ്യാറാക്കുന്ന അധ്യാപക ലിസ്റ്റിൽ നിന്നും തദ്ദേശസ്വയം ഭരണ സെക്രട്ടറിമാർക്ക് താത്ക്കാലിക നിയമനം നടത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

സ്ഥാപനത്തിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം ഈ അംഗീകാരം റദ്ദാക്കപ്പെടുന്നതാണെന്നും ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

## 3-12 ആശ്രയ പദ്ധതി പ്രവർത്തനം

ആശ്രയ പദ്ധതിയ്ക്ക് വേണ്ടി തൻവർഷം ₹ 1,69,480 ലഭിച്ചതിൽ ഈവർഷം 70,100 (ഭക്ഷണം)മാത്രമാണ് ചെലവഴിച്ചത്. മരുന്ന് വിതരണത്തിനായി ₹ 14 ,742 (മുൻ വർഷം ലഭിച്ച തുകയിൽ നിന്നും ബാക്കിയുള്ളത്) ചെലവഴിച്ചിട്ടുണ്ട്.

1- ഭക്ഷണം- ചാലഞ്ച് ഫണ്ടിൽ നിന്നും ഈ വർഷം ₹ 70,100 ഭക്ഷണത്തിനായി ചെലവഴിച്ചിട്ടുണ്ട്. ഓരോ അഗതികുടുംബത്തിനേയും പരിസരത്തുള്ള അയൽക്കൂട്ടവുമായി ബന്ധിപ്പിച്ച് ചുമതലകൾ നൽകി അഗതികൾക്കാവശ്യമായ ഭക്ഷണ വിതരണം നടത്തുന്നു. ഭക്ഷണം ആവശ്യമുള്ള 35 അഗതികളാണ് ഗ്രാമപഞ്ചായത്തിൽ ഉള്ളത്. ഇവർക്ക് പോഷകാഹാരകിറ്റാണ് വിതരണം നടത്തുന്നത്. റേഷൻ കട വഴിയുള്ള ഭക്ഷ്യധാന്യങ്ങളും അയൽക്കൂട്ടങ്ങൾ വഴി വാങ്ങികൊടുക്കുന്നുണ്ട്. ഇതിനായി ചാലഞ്ച് ഫണ്ടിൽ നിന്നും തുക ചെലവാക്കുന്നില്ല. 65 വയസ്സിന് മുകളിൽ പ്രായമായവർക്ക് അന്നപൂർണ്ണ പദ്ധതി പ്രകാരം സൗജന്യ ഭക്ഷണവും കൊടിയ ദാരിദ്യം അനുഭവിക്കുന്നവർക്ക് അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ഭക്ഷണവും നൽകുന്നുണ്ട്. ഭക്ഷണം പാകം ചെയ്യാൻ കഴിയാത്തവർക്ക് അയൽക്കൂട്ടാഗംങ്ങൾ ഏറ്റെടുത്ത് ഭക്ഷണവും പാകം ചെയ്ത് നൽകുന്നുണ്ട്.

ചികിത്സ - ചാലഞ്ച് ഫണ്ടിൽ നിന്നും മരുന്ന് വിതരണം ചെയ്യുന്നതിന് പി എച്ച് സിയിലെമെഡിക്കൽ ഓഫീസർക്ക് മുൻകൂറായി തുക നൽകുന്നുണ്ട്- 2011 വർഷം നൽകിയ തുകയിൽ നിന്നും ₹ 14,742 മരുന്ന് ഈ വർഷം വാങ്ങിച്ച നൽകിയിട്ടുണ്ട്. ചികിത്സ ആവശ്യമുള്ള ഭൂരിഭാഗം പേരും പിഎച്ച് സി മുഖേന ലഭിക്കുന്ന സേവന സഹായങ്ങൾക്ക് താത്പര്യം കാണിക്കുന്നില്ല എന്നാണ് മറുപടി നൽകിയത്. പെയിൻ &പാലിയേറ്റീവ് നഴ്സാണ് ആവശ്യമുള്ള മരുന്നിന്റെ ലിസ്റ്റ് നൽകുന്നത്. മുൻകൂറായി തുക നൽകുമ്പോൾ ചെലവ് രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. വർഷാവസാനം നീക്കിയിരിപ്പുള്ള തുകയുടെ വിവരം സി ഡി എസ് സൂക്ഷിക്കുന്നില്ല. ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സയ്ക്കായി സഹായം നൽകിയിട്ടില്ല. ചികിത്സാവശ്യങ്ങൾ ചാലഞ്ച് ഫണ്ടിൽ നിന്നും നൽകുന്നതുകൊണ്ട് സ്പോണർസർമാരെ കണ്ടെത്തിയിട്ടില്ല.

മരുന്നുകൾ വിതരണം ചെയ്യുന്നതിന് ആരോഗ്യമേഖലയിലെ വിദഗ്ധർ ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി, സന്നദ്ധ സേവന തൽപരരായ ആതുര ശുശ്രൂഷ പ്രവർത്തകരുടെ സമിതി എന്നിവ രൂപീകരിച്ചിട്ടുണ്ടെന്ന്

മറുപടി നൽകിയിട്ടുണ്ടെങ്കിലും അവ കാലാകാലങ്ങളിൽ പുന:സംഘടിപ്പിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല.

വിദ്യാഭ്യാസം - വിദ്യാഭ്യാസം നടത്തുന്ന 7 പേർ ആശ്രയയിൽ ഉണ്ട്. പത്താം ക്ലാസ്സ് വരെ സൗജന്യ വിദ്യാഭ്യാസമായതിനാൽ നോട്ട് ബുക്ക്, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്ക് മാത്രമേ ഇതുവരെ തുക ചെലവായിട്ടുള്ളൂ. തൻവർഷം ചെലവില്ല.

വീട് - വീട് ആവശ്യമുള്ള 8 ഗുണഭോക്താക്കളിൽ ഒരു ഗുണഭോക്താവിന് ഈ വർഷം ഭവന നിർമ്മാണത്തിന് വികസന ഫണ്ടിൽ നിന്നും സബ്സിഡി നൽകിയിട്ടുണ്ട്.

<u>വരവ് ചെലവ് കണക്ക്</u>

പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ

സർക്കാർ ഉത്തരവ് എം എസ് നം 72/2017 /ത സ്വ ഭ വ തിരു തീയതി 29-3-2017 – അനുബന്ധം -4 ൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും അഗതി കുടുംബങ്ങൾക്ക് വേണ്ടി ആശ്രയ പ്രോജക്ടുകൾ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

വേങ്ങാട് ഗ്രാമ പഞ്ചായത്തിൽ ആശ്രയ പദ്ധതി ഒന്നാം ഘട്ടം റീവിസിറ്റ് & രണ്ടാം ഘട്ട പദ്ധതികൾ 2013-14 മുതൽ ആരംഭിച്ചിട്ടുണ്ട്(2013-14 മുതൽ 2017-18 വരെ )

ആശ്രയപദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 2015-16 മുതൽ 2017-18 വരെ ചാലഞ്ച് ഫണ്ട് ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റേയും വിവരം താഴെ കൊടുക്കുന്നു

| ലഭിച്ച തീയതി | ലഭ്യമായ തുക | ചെലവഴിച്ച ഇനം | ചെലവഴിച്ച വർഷം | ചെലവഴിച്ച തുക |
|---|---|---|---|---|
| 19-3-2015 | 1,69,480 | ഭക്ഷണം | 2015-16 | 1,01,800 |
| 27-10-2017 | 1,69,480 | | 2016-17 | 51,000 |
| | | | 2017-18 | 70,100 |
| | | വിദ്യാഭ്യാസം | 2015-16 | 11,114 |
| | | | 2016-17 | 7,647 |
| ആകെ വരവ് | 3,38,960 | ആകെ ചെലവ് | | 2,41,661 |
| നീക്കിയിരിപ്പ് | | | | 1,05,105(പലിശ ഉൾപ്പെടെ) |

## 3-13 <u>അഗതിരഹിതകേരളം പദ്ധതി - നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്</u>

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഇതു സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ സർക്കുലർ നം. 472/ഐ.എ.1/2017/ത.സ്വ.ഭ.വ. തീയ്യതി 22.12.2017 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതുമാണ്. മേൽ സർക്കുലർ പ്രകാരം, വിശദമായി തയ്യാറാക്കിയ അഗതിരഹിത കേരളം പദ്ധതിരേഖ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് 31.01.2018 ന് മുമ്പായി സമർപ്പിക്കേണ്ടതുമാണ്. എന്നാൽ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ അഗതിരഹിതകേരളം പദ്ധതിരേഖ കുടുംബശ്രീ മിഷന് സമർപ്പിച്ചത് 06.06.2018 –നാണ്. പദ്ധതിക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നം 2859/2018/ത.സ്വ.ഭ.വ.(സാധാ) തീ.07.11.2018 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും

തുടർനടപടികൾ ആരംഭിച്ചിട്ടില്ല. പദ്ധതി നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-14 കാലി ബാരൽ വിലയുടെ ജി.എസ്.ടി. ഒടുക്കേണ്ടത്

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ റോഡ് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലുകളുടെ വിലയുടെ ജി.എസ്.ടി സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ആയത് ബന്ധപ്പെട്ട ഹെഡിലേക്ക് അടവാക്കാൻ വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് .

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | ഉൽപ്പാദന ബോണസ് | 99,999 | 1 |
| | 90,000 | ഇരുചക്രവാഹന സബ്സിഡി | 75,000 | 15,000 |
| | 4,93,000 | നെൽകൃഷി വികസനം | 4,93,000 | 0 |
| | 85,000 | പച്ചക്കറികൃഷി വികസനം | 85,000 | 0 |
| | 100,000 | സ്നേഹ സാന്ത്വന പരിചരണ പദ്ധതി | ഇല്ല | 1,00,000 |
| | 3,75,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 3,75,000 | 0 |
| ജില്ല പഞ്ചായത്ത് | 5,00,000 | ബഡ്സ് സ്കൂൾ | 4,00,000 | 1,00,000 |
| | 1,00,000 | സ്നേഹസാന്ത്വന പരിചരണ പദ്ധതി | 0 | 1,00,000 |
| | 3,75,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,75,000 | 0 |
| | 30,00,000 | പാതിരിയാട് ഭൂരഹിത കോളനി | 0 | 30,00,000 |

| | | | | |
|---|---|---|---|---|
| | 4,00,000 | പാതിരിയാട് വയലളം | 0 | 4,00,000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം & തിയതി | വായ്പ തുക | മുന്നിരിപ്പ് | തിരിച്ചടച്ച തുക | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന വായ്പ | 274/2010 തീയതി 27-1-2010 | 1,38,22,500 | 30,47,822 | 14,36,250 | | 16,11,572 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായ സ്ഥിര നിക്ഷേപം | 10324509 |
| തൻ വർഷം നിക്ഷേപിച്ച തുക | 8,96,798(പലിശ) |
| ആകെ | 1,12,21,307 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1,12,21,307 |

| | |
|---|---|
| | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ -ഓപ്പറേറ്റീവ് ലിമിറ്റഡ് | 20,000 |
| വേങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് | 42,33,632 |
| കുന്നിരിക്ക സർവ്വീസ് സഹകരണ ബാങ്ക് | 69,67,675 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 29,916 വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14, 2014-15 | 3-26 | 29,916 | അസിസ്റ്റന്റ് എഞ്ചിനിയർ എൽ എസ് ജി ഡി -വേങ്ങാട് | 11704101756 തീയതി 20-5-2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 58 | 2003-04 | 3-13-17 | പൊതുപരാമർശം | തുടരുന്നു |
| വിഷയാധിഷ്ഠിത അവലോകനം | | 2012-13 | 3-3-6-19 | പൊതു ശൗചാലയങ്ങളും ആരോഗ്യപ്രശ്നങ്ങളും | തുടരുന്നു |
| വിഷയാധിഷ്ഠിത അവലോകനം | | 2014-15 | 4-2-6 | മണൽവിൽപ്പനയിൽ നിന്നും വരവ് | തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | ചെലവ് | |
| വിഷയാധിഷ്ഠിത അവലോകനം | | 2014-15 | 4-2-10 | മണൽ പാസ് വിതരണത്തിലെ അപാകങ്ങൾ | തുടരുന്നു |
| വിഷയാധിഷ്ഠിത അവലോകനം | | 2014-15 | 4-2-13 | കടവ് കമ്മിറ്റി കൺവീനർ സ്വകാര്യവ്യക്തി | തുടരുന്നു |
| 2014-15 | 2-1 | 2016-17 | 2 | തൊഴിൽ നികുതി | തുടരുന്നു |

## 4-8 ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | 2006-07 | 3-1 (എ) 3-6 | പി-കെ -അനിൽ<br>പൂവ്വക്കാട് ഹൗസ് ,പാതിരിയാട് (പി ഒ)<br>കണ്ണൂർ<br>670741 | LF/8840/Spl Cell/Cs6-D3/12/ തീയതി 0/10/2014 | 7795 | _ | - | - | - | - | 7795<br>- |
| 2 | 1999-00 | 64 (എ) | ഡോ-പ്രദോഷ് കുമാർ<br>വെറ്ററിനറി സർജ്ജൻ<br>വെറ്ററിനറി ഡിസ്പെൻസറി<br>മാങ്ങാട്ടിടം | LF/6956/Spl Cell/SC6/04/ തീയതി 15/10/2004 | 8600 | _ | - | - | - | - | 8600<br>- |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |
| 3 | 1999-00 | 62 (ഡി)<br>63 (ബി) | എം-കെ<br>-പവിത്രൻ-<br>കൃഷി ഓഫീസർ<br>മീഞ്ച<br>കാസർഗോഡ് | LF/6956/Spl Cell/SC6/04 തീയതി 5-1-2005 | 5454 | | - | - | - | - | 5454<br>- |
| 4 | 1999-00 | 63 (ബി)<br>63 (സി) | ടി-വി-ജീവരാജ് | LF/6956/Spl Cell/SC6/04/ തീയതി 23-2-2006 | 5603 | | - | - | - | - | 5603<br>- |
| 5 | 2000-01 | 10,11 | ഡോ-പ്രദോഷ് കുമാർ<br>വെറ്ററിനറി സർജ്ജൻ<br>വെറ്ററിനറി ഡിസ്പെൻസറി<br>മാങ്ങാട്ടിടം | LF/9450(1)/ /SC6/05/ തീയതി 119-9-2006 | 35950 | _ | - | - | - | - | 35950<br>- |
| 6 | 2000-01 | 8 (ബി),9 | എം-കെ<br>-പവിത്രൻ-<br>കൃഷി ഓഫീസർ<br>മീഞ്ച<br>മിയ്യാപാടവ്<br>കാസർഗോഡ്<br>671323 | LF/9450(2) Spl /SC6/05 തീയതി 19-9-2006 | 6600 | | - | - | - | - | 6600<br>- |
| 7 | 2001-02 | 12 | ഡോ-കെ-സി-സന്തോഷ്-<br>വെറ്ററിനറി സർജ്ജൻ<br>വെറ്ററിനറി | LF/9451/Spl /SC6/05 തീയതി 13-2--2007 | 5600 | | | | | | 5600 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ഡിസ്പെൻസറി<br>തുരുത്തി,<br>കോട്ടയം | | | | | | | | |
| 8 | 2000-01 | 9 | ടി-അരവിന്ദൻ<br>കൃഷി ഓഫീസർ<br>കൃഷി ഭവൻ<br>വേങ്ങാട്<br>കണ്ണൂർ | LF/9451/<br>/SC6/05<br>തീയതി<br>31-5-2006 | 945 | | | | | | 945 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,94,10,924 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,70,82,138 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 63,890 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്ന | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 5480 | ശ്രീ. പ്രീജിത്ത് എൻ., സെക്രട്ടറി |
| 3-9 | | 58,410 | ശ്രീ.സുജിത്ത് കെ.ആർ<br>അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ

എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രീജിത്ത് എൻ സെക്രട്ടറി | സെക്രട്ടറി<br>വേങ്ങാട് ഗ്രാമ പഞ്ചായത്ത് | കല്ല്യാൺ ഭവൻ<br>കീഴല്ലൂർ(പി ഒ)<br>670612 |
| ശ്രീ.സുജിത്ത് കെ.ആർ<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>വേങ്ങാട് ഗ്രാമ പഞ്ചായത്ത് | ഹരി ചന്ദനം<br>നന്ദാനം മെട്ട<br>ഇരിവേരി (പി ഒ)<br>670614 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982- 83 | എൽ എഫ് /സി6-1271 / 87 തീയതി 19-2-1991 | |
| 1984-85 | എൽ എഫ് /സി6-1610 / 90 തീയതി 8-6-1990 | |
| 1985-86 | എൽ എഫ് /സി6-1758 / 90 തീയതി 26-2-1991 | |
| 1998-99 | കെ എസ് എ /കെ എൻ ആർ/ സി7/656/18 തീയതി 10-4-2018 | 2 |
| 1999-00 | കെ എസ് എ /കെ എൻ ആർ/ സി7/656/18 തീയതി 10-4-2018 | 6 |
| 2000-01 | കെ എസ് എ /കെ എൻ ആർ/ സി7/656/18 തീയതി 10-4-2018 | 4 |

| | | |
|---|---|---|
| 2001-02 | എൽ.എഫ്.സി6/1978/03 തീയതി 19.05.2004 | 2 |
| 2003-04 | എൽ.എഫ്.സി3/2302/07 തീയതി 21.08.2008 | 20 |
| 2004-05 | എൽ.എഫ്/കെ.എൻ.ആർ /സി3/2340/2007<br>തീയതി 21.08.2008 | 23 |
| 2005-06 | എൽ.എഫ്/കെ.എൻ.ആർ /സി3//243/2009<br>തീയതി 15-1-2010 | 11 |
| 2006-07 | എൽ.എഫ്/കെ.എൻ.ആർ /സി3/244/2009<br>തീയതി 15.01.2010 | 10 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/സി9/625/2011<br>തീയതി 16.05.2012 | 9 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്/കെ.എൻ.ആർ /സി8/1379/2012<br>തീയതി 21.12.2012 | 31 |
| 2011-12,<br>2012-13 | എൽ.എഫ്/കെ.എൻ.ആർ /സി8/1339/2014<br>തീയതി 27.03.2015 | 24 |
| 2013-14,<br>2014-15 | എൽ.എഫ്/കെ.എൻ.ആർ /സി/8/1227/2016<br>തീയതി 11.07.2016 | 28 |
| 2015-16 | എൽ.എഫ്/കെ.എൻ.ആർ /സി9/2241/2016<br>തീയതി 01.02.2017. | 7 |
| 2016-17 | കെ എസ് എ / കെ എൻ ആർ /സി7 /1514 /2017 | 14 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.7/2108/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 08.02.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Vengad Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 27158881.48 |
| Cash | Cash | RP-40(a) | 123028.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1989075.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br>(BLOCKED) | RP-2 | 289083.00 |
| 130000000 | Rental income from Panchayat Properties | RP-3 | 4500.00 |
| 140000000 | Fees & User Charges | RP-4 | 1495241.00 |
| 150000000 | Sale & Hire Charges | RP-5 | 121311.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 47133620.00 |
| 171000000 | Interest Earned | RP-9 | 733495.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9028305.00 |
| 350000000 | Other Liabilities | RP-36 | 152622.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 125986.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 40220.00 |
| 311000000 | Earmarked Funds | RP-29 | 59650.00 |
| 340000000 | Deposits Received | RP-34 | 295640.00 |
| 350000000 | Other Liabilities | RP-36 | 456715.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7455461.00 |
| 460000000 | Loans, Advances and Deposits | RP-47 | 30000.00 |

| | | | |
|---|---|---|---|
| | Grand total | | 96692833.48 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5445768.00 |
| 220000000 | Administrative Expenses | RP-12 | 1338591.00 |
| 230000000 | Operations & Maintenance | RP-13 | 4595624.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6255073.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 15374428.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2402156.00 |
| 253000000 | Decentralised Plan Programme- Projects not included in<br>Sector Division | RP-18 | 340846.00 |
| 254000000 | Expenditures of Transferred institutions and State Sponsored<br>Schemes | RP-19 | 60160.00 |
| 255000000 | Maintenance Projects | RP-20 | 4571235.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 12000.00 |
| 280000000 | Prior Period item | RP-26 | -53618.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 895025.00 |
| 350000000 | Other Liabilities | RP-36 | 3691787.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 24055.00 |
| 280000000 | Prior Period Item | RP-26 | -19805.00 |
| 330000000 | Secured Loans | RP-32 | 1436250.00 |
| 340000000 | Deposits Received | RP-34 | 309789.00 |
| 350000000 | Other Liabilities | RP-36 | 2363650.00 |
| 410000000 | Fixed Assets | RP-38 | 17786596.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 3528.00 |
| 460000000 | Loans, Advances and Deposits | RP-47 | 249000.00 |

| | | | |
|---|---|---|---|
| | Closing Balance | | |
| Bank | Bank | RP-40(b) | 29543222.48 |
| Cash | Cash | RP-40(b) | 67473.00 |
| | Grand Total | | 96692833.48 |

## അനുബന്ധം-2-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Vengad Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6982151.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br>(BLOCKED) | I-2 | 289083.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 702108.00 |
| 140000000 | Fee & User Charges | I-4(b) | 1795241.00 |
| 150000000 | Sale & Hire Charges | I-5(b) | 122021.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br>Subsidies | I-6 | 110359677.00 |
| 170000000 | Income from Investments | I-7 | 896798.00 |
| 171000000 | Interest Earned | I-8 | 733495.00 |
| 180000000 | Other Income | I-9 | 40220.00 |
| | Total Income | 121920794.00 | |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11247826.00 |
| 220000000 | Administrative Expenses | I-11(b) | 1338591.00 |
| 230000000 | Operations & Maintenance | I-12(b) | 4595624.00 |
| 240000000 | Interest & Finance Charges | I-13 | 24055.00 |
| 250000000 | Decentralised Plan Programme-Productive | I-14 | 12801667.00 |

| | | | |
|---|---|---|---|
| | Sector / Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 18691193.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2402156.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 340846.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 64724460.00 |
| 255000000 | Maintenance Projects | I-14(e) | 4571235.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 12000.00 |
| 272000000 | Depreciation | I-17(a) | 6030182.00 |
| | Total Expenditure | 126779835.00 | |
| | Gross Surplus/ Deficit of income over Expenditure | -4859041.00 | |
| 280000000 | Prior Period Item | I-18 | 1618235.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | -6477276.00 | |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3

## ബാലൻസ് ഷീറ്റ്

Vengad Grama Panchayat

BALANCE SHEET As on 31.03.2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |

| | | | |
|---|---|---|---|
| 310000000 | Panchayat / Municipal Fund | B-1 | 23049065.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 98311.00 |
| 312000000 | Reserves | B-3 | 48692508.00 |
| | Total Reserve & Surplus | 71839884.00 | |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5802751.48 |
| | Total Grants, Contributions for Specific Purposes | 5802751.48 | |
| | Loans | | |
| 330000000 | Secured Loans | B-5 | 1611572.00 |
| | Total Loans | 1611572.00 | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 719962.51 |
| 350000000 | Other Liabilities | B-9 | 1437536.27 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | 2157498.78 | |
| | TOTAL LIABILITIES | 81411706.26 | |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 66864205.00 |
| 411000000 | Accumulated Depreciation | B-11 | -28678835.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |

| | | | |
|---|---|---|---|
| | Total Fixed Assets | 38185370.00 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.